20 (416) ദാരിദ്ര്യരേഖാ സെൻസസ്

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദാരിദ്ര്യരേഖാ സെൻസസ് എടുക്കുന്ന ജോലി പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(സി) വരുമാനമാർഗ്ഗങ്ങൾ ഒന്നുമില്ലാത്തവരും 60 വയസ്സിനുമേൽ പ്രായമുള്ളവരുമായ അംഗങ്ങൾ മാത്രമടങ്ങിയ കുടുംബങ്ങൾക്ക് പൂർണ്ണമായ സാമൂഹ്യ പരിരക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) കേരളത്തിൽ ദാരിദ്ര്യരേഖാ സെൻസസ് പൂർത്തിയാക്കി ലിസ്റ്റ് ക്രോഡീകരിച്ച് കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) 60 വയസ്സിനുമേൽ പ്രായമുള്ളവരെ മാത്രം ഉദ്ദേശിച്ച് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

21 (417) ഐ.ആർ.ഡി.പി. വായ്പ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ്. ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഐ.ആർ.ഡി.പി. വായ്പ കൊടുത്ത വകയിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) ഇതിൽ കിട്ടാക്കടം എത്രയുണ്ടെന്ന് കണക്കാക്കപ്പെടുന്നു?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

22 (418) ഐ.ആർ.ഡി.പി. ധനസഹായ വിനിയോഗം

ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി.പി. ധനസഹായം ലഭിച്ചവർ അത് എപ്രകാരം വിനിയോഗിച്ചു എന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഐ.ആർ.ഡി.പി. സ്കീമിൽ എന്തു തുക ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലും വായ്പയായും നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തുകയുപയോഗിച്ച് എത്രപേർക്ക് ഗെയിൻഫുൾ എംപ്ലോയ്മെന്റ് ഉണ്ടാക്കുവാൻ കഴിഞ്ഞു;

(ഡി) എന്തു തുകയ്ക്കുള്ള ഉല്പാദനം ഉണ്ടാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെപ്പറ്റിയുള്ള വിലയിരുത്തൽ പഠനങ്ങൾ കേന്ദ്ര ഗവൺമെന്റ് പുറമെയുള്ള ഏജൻസികളെക്കൊണ്ടാണ് ചെയ്യിക്കുന്നത്. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെക്കുറിച്ച് കേരളാ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് 5-ാം റൗണ്ട് പഠനം നടത്തി. 1997 ജൂലൈയിൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളതാണ് ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ട്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം സഹായിച്ച കുടുംബങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ ആസ്തി പരിശോധന നടത്താറുണ്ട്.

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഐ.ആർ.ഡി.പി. സ്കീമിൽ സബ്സിഡിയായി (1996-1997 മുതൽ) 6535.78 ലക്ഷം രൂപയും, വായ്പയായി 20024.43 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(സി) ഈ തുക ഉപയോഗിച്ച് 132717 കുടുംബങ്ങൾക്ക് ഗെയിൻഫുൾ എംപ്ലോയ്മെന്റ് ഉണ്ടാക്കുവാൻ കഴിഞ്ഞു.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

23 (419) ഡി.ആർ.ഡി.എ. പിരിച്ചുവിടാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീമതി ശോഭനാ ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ആർ.ഡി.എ. പിരിച്ചു വിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സംവിധാനത്തിന്റെ ഘടന എന്തായിരുന്നു;

(സി) ഈ സംവിധാനം അനുഷ്ഠിച്ചിരുന്ന കർത്തവ്യങ്ങൾ ആരിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.ആർ.ഡി.എ.കൾ ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ജില്ലാ ഗ്രാമവികസന ഏജൻസികൾ 'ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്'ൻപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളാണ്. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരും എം.എൽ.എ. മാരും സർക്കാർ നോമിനേറ്റു ചെയ്യുന്ന പ്രതിനിധികളുമടങ്ങുന്ന ഗവേണിംഗ് ബോഡിയാണ് ഡി.ആർ.ഡി.എ.യുടെ പ്രവർത്തനം നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly